**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3106** **04-08-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലെയും സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കേരളത്തിലെ 484 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ 477 പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള 7 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്തെ ആദ്യ ഡിജിറ്റൽ പോലീസ് സ്റ്റേഷനായ നഗരൂർ പോലീസ് സ്റ്റേഷനിൽ എസ്.എച്ച്.ഒ ആയി സർക്കിൾ ഇൻസ്പെക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ? | (ബി) | ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശുപാർശയിൽ നഗരൂർ പോലീസ് സ്റ്റേഷനും ഉൾപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ